**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 533** **13-10-2026-ൽ മറുപടിയ്ക്ക്**

**കേരള ബ്രാൻഡ് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾക്ക് ആഗോളതലത്തിൽ സ്വീകാര്യമായ ഗുണനിലവാര മുദ്ര ഉറപ്പാക്കുകയെന്ന പ്രാഥമിക ലക്ഷ്യത്തിന് പുറമേ കേരള ബ്രാൻഡ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

**മറുപടി:** സംസ്ഥാനത്തെ ചെറുകിട,ഇടത്തരം സംരംഭങ്ങളുടെ (MSME) ഉൽപന്നങ്ങൾക്ക് ആഗോളതലത്തിൽ സ്വീകാര്യമായ ഗുണനിലവാരമുദ്ര ഉറപ്പാക്കുകയെന്ന പ്രാഥമിക ലക്ഷ്യത്തിനു പുറമേ, **കേരള ബ്രാൻഡ് പദ്ധതിയിലൂടെ താഴെപ്പറയുന്ന നേട്ടങ്ങളാണ് ലക്ഷ്യമിടുന്നത്.**

- കേരളത്തിലെ MSME ഉൽപന്നങ്ങൾക്ക് ദേശീയ-അന്തർദേശീയ വിപണിയിൽ ബ്രാൻഡ് മൂല്യം വർദ്ധിപ്പിക്കുക.
- ഉൽപന്നങ്ങളുടെ വിപണനവും കയറ്റുമതിയും

  പ്രോത്സാഹിപ്പിക്കുക, അതുവഴി സംരംഭങ്ങളുടെ വിപണി വ്യാപനം സാധ്യമാക്കുക.
- ഗുണനിലവാരം, വിശ്വാസ്യത, സുരക്ഷ എന്നിവ ഉറപ്പാക്കുന്ന ഏകീകൃത ബ്രാൻഡ് തിരിച്ചറിയൽ സൃഷ്ടിക്കുക.
- കേരളത്തിന്റെ തനത് ഉൽപന്നങ്ങൾക്ക് പ്രത്യേക വിപണി സ്ഥാനം നേടിക്കൊടുക്കുക.
- ചെറുകിട സംരംഭങ്ങളുടെ മത്സരക്ഷമതയും വരുമാനവും വർദ്ധിപ്പിക്കാൻ സഹായിക്കുക.
- കേരളത്തിന്റെ വ്യവസായ-വാണിജ്യ മേഖലയുടെ വളർച്ചയ്ക്കും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സഹായിക്കുക.
- ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങളെ ഒരു പൊതു ബ്രാൻഡിന് കീഴിൽ വിപണിയിലെത്തിക്കാനുള്ള അവസരം ഒരുക്കുക.

**(ബി)** സാമൂഹികവും പരിസ്ഥിതിപരവുമായ ഏതൊക്കെ മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങൾക്കാണ് കേരള ബ്രാൻഡ് അംഗീകാരം നൽകാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**മറുപടി:** തൊഴിലാളി ക്ഷേമം, സാമൂഹിക നീതി, പരിസ്ഥിതി സംരക്ഷണം,സുസ്ഥിരത, ഉപഭോക്തൃ സുരക്ഷ എന്നിവയ്ക്ക് പ്രധാന്യം നൽകുന്ന ഉത്തരവാദിത്തമുള്ള സംരംഭങ്ങളെ കേരള ബ്രാൻഡ് അംഗീകാരത്തിലൂടെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. കൂടാതെ എല്ലാ മേഖലയിൽ നിന്നും ഉള്ള

ഉത്പന്നങ്ങൾ പാലിക്കേണ്ട പൊതുവായ മാനദണ്ഡങ്ങളും, അതാതു മേഖലയ്ക്കുള്ള പ്രത്യേക (സെക്ടർ സ്പെസിഫിക്) മാനദണ്ഡങ്ങളും ഉണ്ടാവും. അത് കൂടാതെ, കേരള ബ്രാൻഡിന്റെ ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വ വ്യവസായം എന്നിവ ഉറപ്പാക്കുന്ന ഒരു ചെക്ക് ലിസ്റ്റും ഉണ്ടാവും.

**(സി)** യൂറോപ്യൻ യൂണിയൻ പോലെ കർശനമായ ഗുണനിലവാര മാനദണ്ഡങ്ങൾ നിലനിൽക്കുന്ന വിദേശവിപണികളിൽ മത്സരക്ഷമത ഉറപ്പാക്കാൻ കേരള ബ്രാൻഡ് പദ്ധതി സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ ഏതെല്ലാം വിധത്തിൽ പ്രാപ്തരാക്കുമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്ന ഉൽപാദനവും, ഗുണനിലവാര സംവിധാനങ്ങളും വികസിപ്പിച്ച്, കേരളത്തിലെ MSME ഉൽപ്പന്നങ്ങളെ ആഗോള വിപണിയിൽ കൂടുതൽ മത്സരക്ഷമമാക്കുകയാണ് കേരള ബ്രാൻഡ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇതിന്റെ ഭാഗമായി :

- ആവശ്യമായ quality certification, testing, inspection തുടങ്ങിയ നടപടികൾക്ക് പ്രാധാന്യം നൽകുന്നതിലൂടെ വിദേശ ഉപഭോക്താക്കളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നു.
- അസംസ്കൃത വസ്തുക്കളുടെ തിരഞ്ഞെടുപ്പ് മുതൽ ഉൽപാദനം, പാക്കേജിംഗ്, സംഭരണം എന്നിവ വരെയുള്ള ഘട്ടങ്ങളിൽ നിലവാരം മെച്ചപ്പെടുത്താൻ സംരംഭങ്ങളെ പ്രാപ്തരാക്കുന്നു.
- യൂറോപ്യൻ യൂണിയൻ വിപണിയിൽ പ്രസക്തമായ ഉൽപന്നസുരക്ഷ, ലേബലിംഗ്, പാക്കേജിംഗ്, ട്രേസബിലിറ്റി തുടങ്ങിയ ആവശ്യകതകൾ മനസ്സിലാക്കി അവ പാലിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കും.
- പൊതുവായ "Kerala Brand" മുദ്ര ഗുണനിലവാരവുമായി ബന്ധിപ്പിക്കുന്നതിലൂടെ, ഓരോ ചെറിയ സംരംഭത്തിനും ഒറ്റയ്ക്ക് ആഗോള ബ്രാൻഡ് വിശ്വാസ്യത കെട്ടിപ്പടുക്കേണ്ടിവരുന്ന ബുദ്ധിമുട്ട് കുറയ്ക്കാൻ സാധിക്കുന്നു.
- ഗുണനിലവാര പരിശോധന, സർട്ടിഫിക്കേഷൻ, മാനദണ്ഡപാലനം തുടങ്ങിയ മേഖലകളിൽ സ്ഥാപനതല പിന്തുണ ലഭിക്കുന്നത് ചെറിയ സംരംഭങ്ങൾക്ക് വിദേശ വിപണിയിലേക്കുള്ള പ്രവേശനം എളുപ്പമാക്കുന്നു.
- ഒരിക്കൽ സർട്ടിഫിക്കറ്റ് നേടുന്നതിൽ ഒതുങ്ങാതെ, ഉൽപ്പന്നത്തിന്റെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന സംസ്കാരം വളർത്താൻ പദ്ധതി സഹായിക്കുന്നു.

**(ഡി)** ബ്രാൻഡ് സർട്ടിഫിക്കേഷന് പുറമേ സംരംഭകർക്ക് പദ്ധതിയിലൂടെ സാമ്പത്തിക സഹായങ്ങളും മാർക്കറ്റിംഗ് പിന്തുണയും നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള 22 മുൻഗണനാ മേഖലകളിൽപ്പെട്ട സംരംഭകർക്ക് കേരള ബ്രാൻഡ് (Made in Kerala) സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനായി ഒരു സംരംഭത്തിന് ആകെ വരുന്ന ചിലവിന്റെ 50 ശതമാനം തുക K-RIIS (Kerala Responsible Industries Incentive Scheme) പദ്ധതി വഴി തിരികെ ലഭിക്കും. ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യവസായ മേളകളിലും എക്സിബിഷനുകളിലും പങ്കെടുക്കുന്ന സംരംഭകർക്ക് സ്റ്റാൾ വാടക ഇനത്തിലും മറ്റും വരുന്ന ചിലവുകൾക്ക് K-RIIS-ൽ പ്രത്യേക റീഇംബേഴ്സ്മെന്റ് സഹായമുണ്ട്. ISO, HACCP തുടങ്ങിയ മറ്റ് ക്വാളിറ്റി സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സാമ്പത്തിക സഹായവും ലഭ്യമാണ്. കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന വിവിധ ജില്ലാ സംസ്ഥാന തല എക്സിബിഷനുകളിൽ കേരളാ ബ്രാൻഡ് ഉത്പ്പന്നങ്ങൾക്ക് പ്രത്യേക പരിഗണനയും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**